(ബി) റെയിൽവേ വികസനവുമായി ബന്ധപ്പെട്ട ഏതെല്ലാം കാര്യങ്ങളിൽ കേന്ദ്രം അവഗണന തുടരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) 2003-2004-ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾക്കും പുതിയപദ്ധതികൾക്കും വകയിരുത്തിയ തുക വിശദമാക്കാമോ;

(ഡി) കേരളം ആവശ്യപ്പെട്ട ഏതെല്ലാം പദ്ധതികൾ ബഡ്ജറ്റിൽ പരിഗണിക്കപ്പെടുകയുണ്ടായില്ലെന്ന് വെളിപ്പെടുത്താമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഇക്കാര്യത്തിൽ മതിയായ പരിഗണന ലഭിച്ചിട്ടില്ലായെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന് പ്രത്യേകമായി ഒരു റെയിൽവേ സോൺ, പുതിയ പാതകളുടെ നിർമ്മാണം, നിലവിലുള്ള പാതകളുടെ ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും സമയബന്ധിതമായി നടപ്പാക്കുന്നതിലും പഴയ റെയിൽവേ പാലങ്ങൾക്ക് പകരം പുതിയ പാലങ്ങൾ നിർമ്മിക്കുന്ന കാര്യത്തിലും മതിയായ പരിഗണന ലഭിക്കുന്നില്ല.

(സി) 94.55 കോടി രൂപ.

(ഡി) എറണാകുളം-കായംകുളം (ആലപ്പുഴ വഴി) പാതയുടെ ഇരട്ടിപ്പ്, കേരളത്തിന് പ്രത്യേകമായി ഒരു റെയിൽവേ സോൺ, നിലമ്പൂർ—നഞ്ചൻഗുഡ് പുതിയ പാത, നെടുമ്പാശ്ശേരിയിൽ ഒരു പുതിയ റെയിൽവേ സ്റ്റേഷൻ നിർമ്മാണം.

സഹകരണ അർബൻ ബാങ്കുകളെ നിലനിർത്താൻ നടപടി

* 13 [825] ശ്രീ. യു. സി. രാമൻ:
„ സി. മമ്മൂട്ടി:
„ പി. കെ. അബ്ദുറബ്ബ്:
„ കളത്തിൽ അബ്ദുള്ള:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി രൂപംകൊണ്ട അർബൻ സർവ്വീസ് സഹകരണ ബാങ്കുകൾ അർബൻ സൊസൈറ്റിയാക്കി മാറ്റാൻ തീരുമാനിച്ചിട്ടിണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്;

(സി) അർബൻ സൊസൈറ്റിയും, അർബൻ സഹകരണ ബാങ്കും തമ്മിലുള്ള വ്യത്യാസം വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നന്നായി പ്രവർത്തിച്ചുവരുന്നതും നല്ല ഷെയർ ക്യാപിറ്റൽ ഉള്ളതുമായ സഹകരണ ബാങ്കുകൾ സൊസൈറ്റിയായി മാറ്റുന്നതിനുമുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ നിലവിലുള്ള സഹകരണ അർബൻ ബാങ്കുകളെ ബാങ്കുകളായും സൊസൈറ്റികളെ സൊസൈറ്റികളായും നിലനിർത്തുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) പുതിയതായി രൂപംകൊണ്ട ലൈസൻസ് ഇല്ലാത്ത അർബൻ ബാങ്കുകളെ അർബൻ സഹകരണ സംഘങ്ങളാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 1969-ലെ കേരള സഹകരണ നിയമത്തിലെ ചട്ടം 15 (1) (എ) (3) (ബി) പ്രകാരം തരംതിരിച്ചിട്ടുള്ള ലൈസൻസില്ലാത്ത അർബൻ സഹകരണബാങ്കുകളുടെ വിഭാഗത്തിൽ പുതിയതായി രജിസ്റ്റർ ചെയ്ത ലൈസൻസില്ലാത്ത അർബൻ സഹകരണ ബാങ്കുകൾ ഉൾപ്പെടുന്നില്ലായെന്നും, ടി ബാങ്കുകൾ കേരള സഹകരണ നിയമത്തിലെ വകുപ്പ് 2 (എ, ബി) പ്രകാരം നിർവ്വചിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘമാണെന്നും ബഹു. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ, റിസർവ്വ് ബാങ്ക് അധികൃതർ എന്നിവരുടെ സംയുക്ത യോഗം, ടി ബാങ്കുകളെ അർബൻ സഹകരണ സംഘമാക്കാൻ തീരുമാനിക്കുകയുണ്ടായി.

(സി) കേരളത്തിലെ നഗര, അർദ്ധ നഗര, പ്രദേശങ്ങളിലെ ജനങ്ങൾ അംഗങ്ങളായി അവരുടെ കാർഷികേതര ആവശ്യങ്ങൾക്കുള്ള പണമിടപാടുകൾ നിറവേറ്റുന്നതിനുവേണ്ടി രൂപീകരിച്ച പ്രാഥമിക സഹകരണ സംഘങ്ങളെ അർബൻ സഹകരണ സംഘങ്ങൾ എന്നും പറയുന്നു.

ഭാരതീയ റിസർവ്വ് ബാങ്കിന്റെ പ്രവേശന വ്യവസ്ഥകൾ പാലിച്ച് സഹകരണ സംഘം രജിസ്ട്രാർ മുഖേന അപേക്ഷിച്ച് ഭാരതീയ റിസർവ്വ് ബാങ്കിന്റെ തത്വത്തിലുള്ള അംഗീകാരം (ഇൻ പ്രിൻസിപ്പൽ അപ്രൂവൽ) നേടി രജിസ്റ്റർ ചെയ്ത് ബാങ്കിംഗ് ലൈസൻസോടുകൂടി 1969-ലെ കേരള സഹകരണ നിയമത്തിന്റെയും 1949-ലെ ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെയും ഇരട്ട നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ ബാങ്കുകളെയാണ് സഹകരണ അർബൻ ബാങ്കുകൾ എന്നു പറയുന്നത്.

(ഡി) ഉണ്ട്.

(ഇ) നിലവിലുള്ള കോടതി വിധി പ്രകാരവും ഭാരതീയ റിസർവ്വ് ബാങ്കിന്റെ നിർദ്ദേശപ്രകാരവും ഇങ്ങനെ നിലനിർത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly